LIBRARY ARCHIVES Kerala Legislative Assembly

അഗതികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി

112 (888) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീടും ജീവിതമാർഗ്ഗവും ഇല്ലാത്ത അഗതികൾക്കായി സാമൂഹിക സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി എത്ര തുക നീക്കിവച്ചു എന്നും കേന്ദ്ര സഹായം എത്ര തുക ലഭിക്കും എന്നും വ്യക്തമാക്കുമോ ;

(ഡി) സാമൂഹിക സുരക്ഷാ പദ്ധതിയിൽ അഗതികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) "ആശ്രയ" എന്ന പേരിൽ സംസ്ഥാനത്ത് ഒരു പദ്ധതി 101 പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാന ബഡ്ജറ്റിൽ 2002-03-ൽ 2.50 കോടി രൂപയും 2003-04-ൽ 2.50 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്രസർക്കാർ 2002-03-ൽ 8 കോടി രൂപാ പ്രത്യേക സഹായമായി നൽകുകയും 2003-04 സാമ്പത്തിക വർഷത്തിൽ 7.50 കോടിരൂപ വകയിരുത്തിയിട്ടുള്ളതായും അറിയുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ഹർത്താലിലും സമരങ്ങളിലുമുണ്ടായ പൊതുമുതൽ നഷ്ടം

113 (747) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ എൽ.ഡി.എഫ്. ആഹ്വാനം ചെയ്ത ഹർത്താൽ മറ്റ് സമരങ്ങൾ, പ്രതിഷേധ പ്രകടനങ്ങൾ എന്നിവയുടെ ഭാഗമായി എത്ര ബസ്സുകൾക്ക് നാശനഷ്ടം വരുത്തിയിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്